FRIDAY 10/04/2026 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S    Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/04/2026

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള കാമ്പയിൻ ആരംഭിക്കുന്നു. 14 ജില്ലകളിലുമായി 4500 പഴവർഗ്ഗ പോഷകത്തോട്ട യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന കൃഷിവകുപ്പിന്റെ "പോഷക സമൃദ്ധി മിഷന്റെ ഭാഗമായി, ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന "രാഷ്ട്രീയ കൃഷിവികാസ് യോജന പഴവർഗ പോഷകതോട്ട പദ്ധതി"യിൽ ഉൾപ്പെടുത്തിയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഒരു സ്ഥാപനത്തിനു പരമാവധി 5 യൂണിറ്റുകൾ വരെ (50 സെന്റ്) അനുവദിക്കും. മാവ്, പ്ലാവ്, പപ്പായ, പേര, നെല്ലി, സപ്പോട്ട, റംബൂട്ടാൻ പാഷൻ ഫ്രൂട്ട്, നാരകം, വെസ്റ്റ് ഇന്ത്യൻ ചെറി, തുടങ്ങി ഓരോ പ്രദേശത്തിനും അനുയോജ്യമായ പഴവർഗ ഇനങ്ങൾ പോഷകത്തോട്ടങ്ങളിൽ ഉൾപ്പെടുത്തും. ഇതിനാവശ്യമായി വരുന്ന പഴവർഗ തൈകൾ സൗജന്യമായി വിതരണം ചെയ്യും. കൂടുതൽ

വിവരങ്ങൾക്ക് ജില്ലകളിലെ ഹോർട്ടിക്കൾച്ചർ മിഷനുമായോ കൃഷിഭവനുകളുമായോ ബന്ധപ്പെടാവുന്നതാണ്.

2. കേരളത്തിൽ വാഴ കൃഷിക്ക് വലിയ പിന്തുണ നൽകുന്ന പ്രധാന സ്ഥാപനമാണ് Indian Institute of Horticultural Research ന്റെ കീഴിൽ പ്രവർത്തിക്കുന്ന National Research Centre for Banana (NRCB). കാർഷികവികസന കർഷകക്ഷേമ വകുപ്പുമായി ചേർന്ന നിരവധി പദ്ധതികൾ കർഷകർക്ക് ലഭ്യമാണ്. വാഴ ഗവേഷണ കേന്ദ്രം (Banana Research Centre) പദ്ധതികൾ:- ഉയർന്ന ഗുണമേന്മയുള്ളതും, രോഗരഹിതവും കൂടുതൽ ഉൽപാദന ശേഷിയുള്ള വാഴ തൈകൾ (Tissue Culture Plants), ഗ്രാൻഡ് നെയിൻ (G9), പൂവൻ തുടങ്ങിയ ഹൈബ്രിഡുകൾ സബ്സിഡി വഴി കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നു. വാഴ കൃഷി വികസന സബ്സിഡി പദ്ധതികൾ പുതിയ വാഴ തോട്ടങ്ങൾ ആരംഭിക്കുന്നതിനും, ഡ്രിപ്പ് ഇറിഗേഷൻ (PMKSY വഴി), വളപ്രയോഗം, സംരക്ഷണം എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നു. സൗജന്യ കർഷക പരിശീലനവും സാങ്കേതിക സഹായവും, രോഗനിയന്ത്രണം (Panama വാട്ടം , Sigatoka), ഉൽപാദന വർദ്ധന മാർഗങ്ങൾ എന്നിവയ്ക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരിശീലന ക്ലാസുകൾ നൽകുന്നു .വാഴ പ്രോസസ്സിംഗ് & മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ , വാഴചിപ്സ്, വാഴപ്പൊടി, ഫൈബർ ഉൽപ്പന്നങ്ങൾ PMFME സ്കീമുമായി ബന്ധപ്പെടുത്തി സബ്സിഡിയോടുകൂടി ചെറുകിട യൂണിറ്റ്കൾ തുടങ്ങാൻ സഹായം ലഭ്യമാക്കുന്നു. Aadhaar, ബാങ്ക് അക്കൗണ്ട്, ഭൂമിയുടെ രേഖകൾ സഹിതം അടുത്തുള്ള കൃഷിഭവനിൽ ആവശ്യമായ പദ്ധതികൾക്ക് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ് . ഫീൽഡ് പരിശോധനയ്ക്ക് ശേഷം സബ്സിഡി അനുവദിക്കും.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ് സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആരംഭിക്കുന്ന തിയ്യതി: **2026 ഏപ്രിൽ 16.** 2026 മെയ് 16 –ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ–മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദേശം**

വിവിധ കാർഷിക വിളകളെ ബാധിക്കുന്ന വാട്ട രോഗങ്ങൾ, വേര് ചീയൽ തുടങ്ങി മണ്ണിലൂടെ പകരുന്ന എല്ലാ കുമിൾ രോഗങ്ങളെയും പ്രതിരോധിക്കുന്നതിനായി മണ്ണിൽ ട്രൈക്കോഡെർമ്മ സമ്പുഷ്ടീകരിച്ച ചാണകം ഉപയോഗിക്കാവുന്നതാണ്. ഇതിനായി ഉണങ്ങിയ ചാണകവും വേപ്പിൻ പിണ്ണാക്കും 9:1 എന്ന അനുപാതത്തിൽ (90 കിലോ ചാണകത്തിന് 10 കിലോ വേപ്പിൻപിണ്ണാക്ക് എന്ന തോതിൽ) 1–2 കിലോ ട്രൈക്കോഡെർമ്മയുമായി 25 % ഈർപ്പത്തിൽ കൂട്ടിക്കലർത്തി തണലുള്ള സ്ഥലത്ത് കൂനകൂട്ടിയിടുക. ചാക്കോ പ്ലാസ്റ്റിക് ഷീറ്റോ കൊണ്ട് കൂന മൂടുകയും വേണം. 4–5 ദിവസത്തിന് ശേഷം വെള്ളം തളിച്ച് കൂന ഇളക്കി വീണ്ടും മൂടിയിടുകയും ചെയ്യുക. 3 ദിവസം കഴിഞ്ഞു ഈ മിശ്രിതം വിളകൾക്ക് മണ്ണിൽ ചേർത്ത് നൽകാവുന്നതാണ്.